**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 662

01/11/2011 ൽ മറുപടിയ്ക്ക്

**ഔഷധിയുടെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം.**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.ഷംസുദ്ദീൻ. | അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഔഷധിയുടെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ. | (എ) ഔഷധിയുടെ റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം താഴെ പറയുംവിധമാണ്.<br><br>1. പുതിയ ഔഷധങ്ങളുടെ രൂപകല്പനയും വികസനവും ഫലപ്രാപ്തിയും വിശദമാക്കുന്നതിനുള്ള ക്ലിനിക്കൽ ട്രയലുകൾ നടത്തുക.<br><br>2. മാറി വരുന്ന ജീവിത ശൈലിക്കനുസരിച്ച് സംഭവിക്കുന്ന രോഗാവസ്ഥകളെ നേരിടുന്നതിന് ആയുർവേദ ഔഷധങ്ങളെ കാലാനുസൃതമായി നവീകരിക്കുന്ന പ്രക്രിയകൾ അനുവർത്തിക്കുക.<br><br>3. അസംസ്കൃത ഔഷധങ്ങളുടെ പരിചയം, സംഭരണം, ഉപയോഗം മുതലായ മേഖലകളിലെ ഗുണനിലവാരം ഉറപ്പുവരുത്തലും സ്റ്റാൻഡേർഡൈസേഷനും;<br><br>4. നിർമ്മാണ പ്രക്രിയയിലും, നിർമ്മിതോല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പു വരുത്തൽ.<br><br>5. ശാസ്ത്രീയ വിപണനത്തിനായി ഗവേഷണ ഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ തയ്യാറാക്കൽ. |

6. ആയുഷ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം, ഗവേഷണ, വികസന വിഭാഗത്തിന്റെ ലാബിന് ലഭ്യമാക്കുക വഴി സ്വന്തം ഉല്പന്നങ്ങളുടെ ഗുണനിലവാരം കൃത്യമായി പാലിക്കുന്നതിനും മറ്റ് ഉല്പാദകരുടെ ഉല്പന്നങ്ങളുടെ ഗുണനിലവാര പരീക്ഷയിലൂടെ വരുമാനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

7. ആയുർവേദത്തിലെ ഔഷധ നിർമ്മാണ തത്വങ്ങളെ മറ്റു ശാസ്ത്ര വിഭാഗങ്ങളുമായി താരതമ്യം ചെയ്തുകൊണ്ട് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഇതുവഴി ചികിത്സാ രംഗത്തും മറ്റു ശാസ്ത്ര മേഖലകളിലും ഔഷധ നിർമ്മാണത്തിന്റെ ശാസ്ത്രീയത പ്രചരിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യുക.

| | | | |
|---|---|---|---|
| (ബി) | ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വികസിപ്പിച്ചെടുത്ത മരുന്നുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഇവയിലേതിനെങ്കിലും അന്താരാഷ്ട്ര തലത്തിലുള്ള പേറ്റന്റ് ലഭിച്ചിട്ടുണ്ടോ; | (ബി) | 1993 മുതൽ പുതിയ ഔഷധരൂപങ്ങളിലും നിലവിലുള്ള ക്ലാസിക്കൽ ഔഷധങ്ങളുടെ രൂപമാറ്റത്തിലുമായി 21 പുതിയ മരുന്നുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br><br>വിഗർ പ്ലസ് ക്യാപ്സൂൾ, അഷ്ടചൂർണ്ണം കഫ് സിറപ്പ്, തെങ്ങിൻപൂക്കുലാമൃതം, ചോക്ക്ലേറ്റ് ചുവയുള്ള ച്യവനപ്രാശം, സുദർശനം, ലിപ്പോ കെയർ, കാർഡോ കെയർ എന്നീ ഗുളികകൾ സോറിയാസിസിനും പൊള്ളലിനും ഉള്ള ഓയിന്റ്മെന്റുകൾ, മുറിവെണ്ണ, പ്രമേഹൗഷധി, എന്നചൂർണ്ണം എന്നിവ ഇവയിൽ ചിലതാണ്.<br><br>ഇവയിലൊന്നിനും അന്താരാഷ്ട്രതലത്തിൽ പേറ്റന്റ് ലഭിച്ചിട്ടില്ല. |
| (സി) | ആയുർവേദ മരുന്നുകൾക്ക് അന്താരാഷ്ട്രതലത്തിലുള്ള ഡിമാന്റ് കണക്കിലെടുത്ത് | (സി) | കയറ്റുമതി ലക്ഷ്യമിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല. ഔഷധിയുടെ വികസനവുമായി |

| | | | |
|---|---|---|---|
| | കയറ്റു മതി ലക്ഷ്യമിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ. ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | ബന്ധപ്പെട്ട പുതിയ സംരംഭമായ സെന്റർ ഓഫ് എക്സലൻസ് ഫോർ ആയൂർവേദിക് ഫാരമസ്യൂട്ടിക്കൽസിന്റെ നിർമ്മാണ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഇത് പൂർത്തിയായാൽ കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) | ഒറ്റമൂലി ചികിത്സകർ, പാരമ്പര്യ ചികിത്സകർ എന്നിവരുടെ ഫലപ്രദമായ അറിവുകളിൻമേൽ ഗവേഷണം നടത്തി അവയെ ആധുനിക ചികിത്സാക്രമത്തിൽ ഉൾപ്പെടുത്തി പേറ്റന്റ് നേടിയെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതനുസരിച്ചുള്ള ഗവേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. ആയൂർവേദത്തിലെ ഒറ്റമൂലി ചികിത്സകർ, പാരമ്പര്യ ചികിത്സകർ എന്നിവരുടെ ഫലപ്രദമായ രേഖാ അറിവുകളും, താളിയോലകളും മറ്റും കണ്ടെത്തി പാരമ്പര്യ അറിവുകളെ ആധുനിക ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്ത് ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുന്നതിനും, ഇവ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം പ്രസിദ്ധീകരിക്കുന്നതിനുമായി 2003 ൽ ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പേറ്റന്റ് സെൽ സ്ഥാപിക്കുകയുണ്ടായി. പാരമ്പര്യ വിജ്ഞാനത്തിന് പരിരക്ഷ നൽകി, പേറ്റന്റ് അവകാശം നേടിയെടുക്കുകയും, ഈ ഡാറ്റാബേസ് ബന്ധപ്പെട്ടവർക്ക് നൽകുന്നതും മുൻപിൽ കണ്ടുകൊണ്ടാണ് ഇത് സ്ഥാപിതമായിട്ടുള്ളത്. നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായ (ആയുഷ്) സാമ്പത്തിക സഹായം വിനിയോഗിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ